**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2676** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഹൈഡൽ ടൂറിസം മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഹൈഡൽ ടൂറിസം മേഖലയുടെ വികസനത്തിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിന് കീഴിലുള്ള അണക്കെട്ടുകളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥാപനമാണ് കേരള ഹൈഡൽ ടൂറിസം സെന്റർ. സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് കീഴിൽ നിലവിൽ 13 സെന്ററുകളാണ് ഉള്ളത്. പുതിയ ബോട്ടുകൾ വാങ്ങുക, അടിസ്ഥാന സൗകര്യ വികസനം, പാർക്കുകളുടെ വിപുലീകരണം, ഓൺ ലൈൻ ടിക്കറ്റ് സംവിധാനം തുടങ്ങി ധാരാളം വികസന പ്രവർത്തനങ്ങൾ ഹൈഡൽ ടൂറിസം സെന്ററുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷത്തെ ഹൈഡൽ ടൂറിസം രംഗത്തെ പുരോഗതി വിശദമാക്കുമോ; | (ബി) | പ്രളയം, നിപ്പ, കോവിഡ് എന്നിവ കാരണം വരുമാനം നിലച്ചിരുന്ന കേരള ഹൈഡൽ ടൂറിസത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി നടത്തി വരുന്ന വികസന പ്രവർത്തനങ്ങളുടെ ഫലമായി ടൂറിസം രംഗത്ത് വളരെ വലിയ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ വരുമാനം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത മേഖലയുടെ വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ ഇടുക്കി ജില്ലയിലെ വടക്കേപുഴയിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനായി സാധ്യതാ പഠനം നടത്തുകയും കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നും ആവശ്യമായ രേഖകൾ ലഭ്യമാക്കുകയും ചെയ്തു. വനം വകുപ്പിൽ നിന്നുള്ള അനുമതി കൂടി ലഭ്യമാക്കിയശേഷം പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഹൈഡൽ ടൂറിസത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വരുമാനം

| സാമ്പത്തിക വർഷം | വരവ് (₹) | ചെലവ് (₹) | ലാഭം (₹) | നഷ്ടം (₹) |
|---|---|---|---|---|
| 2019-2020 | 13,97,04,152.00 | 12,58,54,966.00 | 1,38,49,186.00 | |
| 2020-2021 | 8,68,20,065.00 | 9,55,85,386.00 | | - 87,65,321.00 |
| 2021-2022 | 11,35,19,606.00 | 12,99,21,309.00 | | - 1,64,01,703.00 |
| 2022-2023 | 24,75,08,638.00 | 16,12,59,462.00 | 8,62,49,176.00 | |
| 2023-2024 | 25,54,55,976.00 | 17,57,35,601.00 | 7,97,20,375.00 (ഓഡിറ്റ് പൂർത്തി-യായിട്ടില്ല) | |